# ജൈവകൃഷി: തൂത്തംപാറ വഴികാട്ടിയാവണം

ആർ. ഹേലി

**നെല്ലിയാമ്പതിയിലെ രാജ്യാന്തര പ്രശസ്തി നേടിയ തൂത്തംപാറ ജൈവ കൃഷിത്തോട്ടം സർക്കാർ ഏറ്റെടുക്കുന്നതിലൂടെ ഇല്ലാതായിരിക്കുകയാണ്. ഈ അമൂല്യമാതൃക ഇങ്ങനെ നഷ്ടപ്പെടാമോ?**

# തൂത്തംപാറയോ വഴികാട്ടി?

എസ്. ഉഷ

**മലയാള മനോരമ 27-11-2007ൽ പ്രസിദ്ധീകരിച്ച 'ജൈവകൃഷി: തൂത്തംപാറ വഴികാട്ടിയാവണം' എന്ന ആർ. ഹേലിയുടെ ലേഖനത്തോടുള്ള പ്രതികരണം**

ജൈവകൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും സാദ്ധ്യതകളെക്കുറിച്ചും കേരള സർക്കാർ രൂപംകൊടുത്തുകൊണ്ടിരിക്കുന്ന ജൈവകൃഷി നയത്തെ കുറിച്ചും അദ്ദേഹം പറഞ്ഞത് ശരിയാണ്. എന്നാൽ ദുഃഖകരമായ കാര്യം ശ്രീ. ആർ. ഹേലിയെ പോലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ഇത്രമാത്രം മനസ്സിലാക്കിയ ഒരാൾ ജൈവകൃഷിയ്ക്കൊരു മോഡൽ പോബ്സന്റെ തൂത്തംപാറയിലെ തോട്ടമാണെന്ന് പറയുന്നതാണ്. അവർ രാസവസ്തുക്കൾ ഒഴിവാക്കിക്കൊണ്ട് തോട്ടം വളർത്തുന്നു എന്നതും അതിന് പ്രശസ്തമായ എല്ലാ ജൈവസർട്ടിഫിക്കറ്റുകളും കിട്ടി എന്നതും ശരി തന്നെ. എന്നാലിത് കേരളത്തിനൊരു മോഡൽ ആണെന്ന് പറയുന്നതെങ്ങനെയാണ്?

കേരളത്തിലെ ആളോഹരി കൃഷിഭൂമി ലഭ്യത 50 സെന്റിൽ താഴെയാണെന്ന് നമുക്കറിയാം. ഇതിൽ വയനാട്, ഇടുക്കി പോലുള്ള ജില്ലകളിൽ കാപ്പിയും കുരുമുളകും ഏലവും ആണ് പ്രധാന കൃഷി. ഇവർക്ക് വേണ്ട മോഡൽ ലക്ഷക്കണക്കിന് രൂപയുടെ ആസ്തിയുള്ള വ്യവസായിയായ പോബ്സന്റെ എസ്റ്റേറ്റാണോ? അന്താരാഷ്ട്ര പ്രശസ്തിയുള്ള ജൈവ ഉൽപന്നങ്ങൾ അവർക്ക് വരുമാന വർദ്ധനവിനുള്ള ഒരു ഉപാധി മാത്രമാണെന്നത് ആർക്കാണ് അറിഞ്ഞുകൂടാത്തത്? എം. സാൻഡും (കരിങ്കല്ല് പൊടി) വിളപ്പിൽശാല വളവും (തിരുവനന്തപുരത്തെ ഗാർബേജ്) വിൽക്കുന്നവർ എങ്ങനെയാണ് ജൈവകർഷകരാകുക?

മറ്റൊരു പ്രധാന കാര്യം കേരളത്തിൽ ഇന്നുകാണുന്ന ജൈവകൃഷിക്ക് തുടക്കമിട്ടത് കുറച്ച് പരിസ്ഥിതിസ്നേഹികളാണ് എന്നതാണ്. എല്ലാവരുടെയും അവഹേളനത്തിന് പാത്രമായി ചെറിയ ചെറിയ പരീക്ഷണങ്ങളിലൂടെ അവർ വളർത്തിക്കൊണ്ടുവന്ന ഒരു ആശയമാണ് ജൈവകൃഷി. കഴിഞ്ഞ 10-15 വർഷങ്ങളായി കേരളത്തിലെ എല്ലാ ജില്ലകളിലും ജൈവകൃഷി ചെയ്യുന്ന കർഷകരുടെ കൂട്ടായ്മകൾ വളർന്നുവരികയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ജൈവകൃഷിയ്ക്കൊരു മോഡൽ വേണമെങ്കിൽ ഈ കൂട്ടായ്മകളിലേക്കാണ് നോക്കേണ്ടത്. അതിൽ പോരായ്മകളുണ്ടാകാം. അത് പരിഹരിക്കപ്പെട്ട് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞാൽ നമ്മുടെ നാട്ടിലെ ചെറുകിട-നാമമാത്ര-ഭൂരഹിത കർഷകർക്കും പഞ്ചായത്തുകൾക്കും അതൊരു അനുകരണീയ മാതൃകയായിരിക്കും. ഇവരുടെ കൂടെനിന്ന് പ്രവർത്തിക്കാൻ തയ്യാറായ കുറച്ച് ശാസ്ത്രജ്ഞരും കൃഷിവിദഗ്ധരും നമ്മുടെ നാട്ടിൽ തന്നെയുണ്ട്.

എന്തുകൊണ്ട് സർക്കാർ തലത്തിൽ (ഗവേഷണ കേന്ദ്രങ്ങളിലും ഫാമുകളിലും) തൂത്തംപാറ പോലൊരു ജൈവകൃഷി തോട്ടത്തിന്റെ മോഡൽ ഉണ്ടായില്ല എന്നത് ചിന്തിക്കേണ്ട വിഷയമാണ്. പൂർണ്ണമായും ജൈവരീതിയിലേക്ക് മാറിയ കാപ്പി-തേയില തോട്ടങ്ങൾ കേരളത്തിലും തൊട്ടടുത്തു കിടക്കുന്ന തമിഴ്നാട്ടിലും കർണ്ണാടകയിലും വേറെയും ഉണ്ട്. പീരുമേട്ടിലെ പൂട്ടിക്കിടക്കുന്ന തേലിയത്തോ




ട്ടങ്ങൾ കഴിഞ്ഞ കുറച്ചുവർഷങ്ങളായി രാസവിമുക്തമാണ്. ഈ തോട്ടങ്ങളിലെ കാർഷിക-ജൈവ വൈവിദ്ധ്യം വർദ്ധിപ്പിച്ച് മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ഇവയെ നല്ലരീതിയിലുള്ള ജൈവകൃഷിയിടങ്ങളാക്കി മാറ്റാവുന്നതാണ്. ഇത് തൊഴിലാളികൾക്കും ഗുണം ചെയ്യുകയും ചെയ്യും.

ലോകരാജ്യങ്ങൾ ഇന്ന് ചർച്ച ചെയ്യുന്ന മറ്റൊരു സുപ്രധാന വിഷയം ആഗോളതാപനമാണ്. ആഗോളതാപനത്തിന്റെ പ്രധാന കാരണം ഫോസിൽ ഇന്ധനങ്ങളുടെ യാതൊരു നിയന്ത്രണവുമില്ലാത്ത ഉല്പാദനവും ഉപയോഗവുമാണെന്ന് എല്ലാവർക്കും അറിയാം. പെട്രോളിയത്തിന്റെ ഉപയോഗം കൂട്ടുന്നതിൽ കാർഷിക വ്യാപാര മേഖലയ്ക്കും വലിയൊരു പങ്കുണ്ട്. കാർഷികോൽപന്നങ്ങളുടെ വിപണി ഇന്ന് കർഷകരിൽനിന്ന് വളരെ ദൂരേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഉപഭോക്താവും കർഷകനും തമ്മിലുള്ള ദൂരം കൂടിക്കൊണ്ടിരിക്കുമ്പോൾ ഭൂമിക്ക് കൂടുതൽ ചൂട് പിടിക്കും.

അമേരിക്കയിലെ ഒരു ഉപഭോക്താവ് ശരാശരി 1400 മൈൽ ദൂരെ നിന്നുള്ള ഭക്ഷണമത്രേ കഴിക്കുന്നത്. അവിടത്തെ ജൈവകർഷകരും ജൈവ ഉൽപന്നങ്ങളുടെ ഉപഭോക്താക്കളും ഈ ദൂരം കുറയ്ക്കാനുള്ള ശ്രമത്തിൽ 'കർഷകചന്തകൾ' തുടങ്ങിയിരിക്കുകയാണ്. ഇതും നമുക്ക് അനുകരിക്കാവുന്ന മാതൃകയാണ്. കേരളത്തിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ഇത്തരം സംരംഭങ്ങൾ നടക്കുന്നുണ്ട്. ഇതിൽ ജൈവ സർട്ടിഫിക്കറ്റ് കിട്ടിയ കർഷകരും കിട്ടാത്ത കർഷകരും വില്പന നടത്തുന്നുണ്ട്. വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ള കച്ചവടം. വലിയ തുക ചിലവാക്കി സർട്ടിഫിക്കറ്റുകൾ നേടി രാജ്യാന്തര വിപണികൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന ചെറുകിട കർഷകരും നമ്മുടെ സംസ്ഥാനത്തുണ്ട്. അവരുടെ ഉൽപന്നങ്ങൾ ഗുണപരമായി തൂത്തംപാറ എസ്റ്റേറ്റിലെ ഉൽപന്നങ്ങളോട് തുല്യമാണെന്ന് അവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നു. പക്ഷേ അവരുടെ ഉൽപന്നങ്ങൾ അന്താരാഷ്ട്ര മാർക്കറ്റിൽ കണ്ടെത്താൻ നമുക്ക് കഴിയില്ല. മാർക്കറ്റിൽ തന്ത്രങ്ങൾ വേറെയാണ്.

മറ്റൊരു പ്രധാന വിഷയം തൂത്തംപാറ എസ്റ്റേറ്റ് വലിയൊരു വനമേഖലയുടെ ഭാഗമാണ് എന്നതാണ്. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടത് ആ തലത്തിൽ നിന്നുകൊണ്ടായിരിക്കുകയും വേണം. ജൈവ സർട്ടിഫിക്കറ്റുകൾ ഇതിനൊരു പ്രതിബന്ധമായിക്കൂടാ.

*തണൽ, എച്ച്-3, ജവഹർനഗർ,*
*കവടിയാർ, തിരുവനന്തപുരം-3*